**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1902** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിലെ റേഡിയോ സി.യു.വിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ റേഡിയോ സി.യു. എന്ന പേരിൽ ഒരു കമ്മ്യൂണിറ്റി/ഇന്റർനെറ്റ് റേഡിയോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | സർവകലാശാലയിൽ ഉല്പാദിപ്പിക്കുന്ന അക്കാദമികവും സർഗാത്മകവുമായ ഉള്ളടക്കങ്ങളെ പുറംലോകത്തെത്തിക്കുക എന്ന ആവശ്യാർഥം കാലിക്കറ്റ് സർവകലാശാല 'റേഡിയോ സി.യു.' എന്ന പേരിൽ ഒരു കമ്മ്യൂണിറ്റി ഇന്റർനെറ്റ് റേഡിയോ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | കാലിക്കറ്റ് സർവ്വകലാശാലയിലെ റേഡിയോ സി.യു.വിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് താഴെച്ചേർക്കുന്നു :<br><br>• ഓഫീസ് - Rs. 78,225/-<br>• ടെക്നിക്കൽ/ ലാൻ – Rs.2,12,760/-<br>• പർച്ചേസും ഇൻസ്റ്റലേഷനും - Rs.9,89,717/-<br>• തീം സോങ് - Rs.27,000/-<br>• ശമ്പളം - Rs.6,20,662/-<br><br>ആകെ - Rs.19,28,364/- |
| (സി) | റേഡിയോ സി.യു. വിന്റെ ഭാഗമായി നടത്തിയ നിയമനങ്ങളുടെയും, ജീവനക്കാർക്ക് നാളിതുവരെ ശമ്പളം, വേതനം എന്നീ ഇനത്തിൽ അനുവദിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ; | (സി) | റേഡിയോ സി.യു.വിലെ പ്രോഗ്രാം എക്സിക്യൂട്ടീവ്, സൗണ്ട് റെക്കോർഡിസ്റ്റ് എന്നീ തസ്തികകളിലേക്ക് 02.07.2022 ന് പ്രസിദ്ധീകരിച്ച വിജ്ഞാപന പ്രകാരം, 13.07.2022 ന് നിലവിൽ വന്ന റാങ്ക് പട്ടികകളിൽ നിന്നും, പ്രോഗ്രാം എക്സിക്യൂട്ടീവ് തസ്തികയിൽ 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) ഏകീകൃത പ്രതിമാസ വേതനത്തിൽ 21.07.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഒരു ജീവനക്കാരനും, സൗണ്ട് റെക്കോർഡിസ്റ്റ് തസ്തികയിൽ 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) ഏകീകൃത പ്രതിമാസ വേതനത്തിൽ 25.07.2022 പൂർവ്വാഹ്നം പ്രാബല്യത്തിൽ ഒരു ജീവനക്കാരനും കരാർ അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കാലിക്കറ്റ് സർവകലാശാലയിലെ റേഡിയോ സി.യു.വിന്റെ പ്രവർത്തനങ്ങൾക്കായി ശമ്പളം/ വേതനം എന്നീ ഇനത്തിൽ നാളിതുവരെ ചിലവഴിച്ച തുക ₹ 6,20,662/- ആണ്. |
| (ഡി) | റേഡിയോ സി.യു. വിന്റെ ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശവും റേഡിയോ പ്രക്ഷേപണ രംഗത്തെ അവരുടെ പരിചയവും സംഭാവനകളും വിശദമാക്കാമോ; | (ഡി) | ഈ തസ്തികകളിൽ പ്രത്യേക നിയമനങ്ങൾ നടത്തിയിട്ടില്ല. റേഡിയോ സി. യു. ഇമ്പ്ലിമെൻറ്റീഷൻ കമ്മിറ്റിയിലെ അംഗമായ അദ്ധ്യാപികയ്ക്ക് അധിക ചുമതല നൽകിയിരിക്കുകയാണ്. |
| (ഇ) | പ്രക്ഷേപണം ആരംഭിച്ചതു മുതൽ ഇതുവരെയുള്ള റേഡിയോ സി.യു. വിന്റെ പ്രേക്ഷകരുടെ എണ്ണം അറിയിക്കാമോ? | (ഇ) | 2022 ആഗസ്റ്റ് 15 ന് 4314 ശ്രോതാക്കൾ, 2023 ആഗസ്റ്റ് 9 വരെ 117783 ശ്രോതാക്കൾ. |

സെക്ഷൻ ഓഫീസർ